"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - കോഴിക്കോട് ജില്ല- നാദാപുരം ഗ്രാമപഞ്ചായത്ത് ഓഫീസ് - സീനിയർ ക്ലർക്ക് - ശ്രീ.മനോജ് കുമാർ ടി എം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ എ(ഇകെഎം)നം.534/2026 നമ്പർ കേസിലെ അന്തിമ ഉത്തരവ് പാലിച്ച് -ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1406/2026/LSGD തീയതി,തിരുവനന്തപുരം, 30-07-2026

---

പരാമർശം:-

1. ബഹു.കേരള അഡ്മിനസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ എ ( ഇകെഎം)നം.534/2026 നമ്പർ കേസിലെ 17.04.2026 ലെ അന്തിമ ഉത്തരവ്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25/06/2026 ലെ LSGD/PD/16917/2026-DEC5 നമ്പർ നടപടി ക്രമം.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.07.2026ലെ LSGD/PD/22276/2026-DEC5 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലർക്ക് ശ്രീ.മനോജ് കുമാർ ടി എം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ എ(ഇകെഎം)നം.534/2026 നമ്പർ കേസിലെ പരാമർശം (1) ഉത്തരവിൽ , ടി ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ ടി കേസിലെ അനക്ഷർ എ7 അപേക്ഷ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ടി കേസിലെ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. ശ്രീ.മനോജ് കുമാർ ടി എം സമർപ്പിച്ച 23.03.2026ലെ അപേക്ഷയാണ് അനക്ഷർ എ7. കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായി ജോലി ചെയ്തിരുന്ന ടിയാന് കാസറഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റത്തോടെ സ്ഥലം മാറ്റം ലഭിക്കുകയും ടിയാൻ 8.-7-2025 ന് അവിടെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തുവെന്നും, കാസർഗോഡ് ജോലിയിലിരിക്കെ വീട്ടിലെ വിപരീത സാഹചര്യവും പരിഗണിച്ചും വൃദ്ധരായ മാതാക്കളുടെ പരിചരണം ഉള്ളതു കൊണ്ടും ടിയാന്റെ താമസസ്ഥലത്ത് നിന്ന് 10 കിലോമീറ്റർ അകലത്തിലുള്ള കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മുനിസിപ്പാലിറ്റിയിലുണ്ടായ സീനിയർ ക്ലർക്കിന്റെ ഒഴിവിലേക്ക് ടിയാൻ അപേക്ഷ നൽകിയിരുന്നു വെന്നും എന്നാൽ പ്രസ്തുത ഒഴിവിലേക്ക് ടിയാനെക്കാൾ ജൂനിയറായ മറ്റൊരാളെ നിയമിക്കുകയും ടിയാനെ 54 കി.മി അകലെയുള്ള മണിയൂർ ഗ്രാമപഞ്ചായത്തിലേക്ക് നിയമിക്കുകയും ടിയാൻ 8-2-2026 ന് മണിയൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തുവെന്നും ഇപ്രകാരം മണിയൂർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തു കൊണ്ടിരിക്കെ ടിയാനെ 74 കി.മീ അകലെയുള്ള നാദാപുരം ഗ്രാമപഞ്ചായത്തിലേക്ക് 10/03/2026 ന് വീണ്ടും സ്ഥലം മാറ്റിയെന്നും ആ സമയത്ത് കൊടുവള്ളി മുനിസിപ്പാലിറ്റി എൻജിനിയറിഗ് വിംഗിൽ വീണ്ടും ഒഴിവ് വരികയും ടിയാൻ അപേക്ഷിക്കുകയും ചെയ്തുവെന്നും എന്നാൽ അപ്പോഴും ടിയാനെക്കാൾ ജൂനിയറായ മറ്റൊരാളെ അവിടെ നിയമിച്ചുവെന്നും, കൊടുവള്ളി മുനിസിപ്പാലിറ്റിയിൽ സീനിയർ ക്ലർക്കിന്റെ ഒരു ഒഴിവു കൂടി റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നും അതിലേക്കും ടിയാനെ പരിഗണിച്ചില്ലെന്നും പ്രസ്തുത തസ്തിക ഒഴിഞ്ഞു കിടക്കുകയാണെന്നും ടിയാന്റെ വീട്ടിലെ വിപരീത സാഹചര്യവും വൃദ്ധരായ മാതാക്കളുടെ പരിചരണവും ഉള്ളതു കൊണ്ടാണ് കാസർഗോഡ് ജില്ലയിൽ ജോലിയിലിരിക്കെ വീടിനടുത്തുള്ള കൊടുവള്ളി നഗരസഭയിൽ നിലവിലുണ്ടായിരുന്ന ഒഴിവിലേക്ക് അപേക്ഷ നൽകിയിരുന്നതെന്നും ഇപ്പോൾ സ്ഥലം മാറ്റം ലഭിച്ച നാദാപുരം

പഞ്ചായത്തിൽ വന്നു പോകാൻ ദിവസവം 150 കി.മീ യാത്രചെയ്യണമെന്നും വീട്ടിൽ നിന്ന് മാറിനിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്നും ടകൊട്ടുവള്ളി മുനിസിപ്പാലിറ്റിയിൽ ഇപ്പോൾ നിലവിൽ ഒരു ഒഴിവുണ്ടെന്നും ടിയാന്റെ കുടുംബത്തിലെ സ്ഥിതി പരിഗണിച്ച് ടിയാന് കൊട്ടുവള്ളി മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലം മാറ്റം അനുവദിച്ചു നൽകാൻ നടപടി സ്വീകരിക്കണമെന്നും അനക്ഷർ എ7 അപേക്ഷയിൽ ബോധിപ്പിച്ചിട്ടുണ്ട്.

3. പരാമർശം (2) പ്രകാരം അപേക്ഷകന് കൊട്ടുവള്ളി മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3 ) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനക്ഷർ എ7 -ൽ അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ളത് പ്രകാരം കൊട്ടുവള്ളി മുനിസിപ്പാലിറ്റിയിലേക്ക് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (2) ലെ ഉത്തരവ് പ്രകാരം നിയമനം നൽകിയിട്ടുള്ള സാഹചര്യത്തിൽ അപേക്ഷകന്റെ അനക്ഷർ എ7 അപേക്ഷയിലെ ആവശ്യം പരിഹരിക്കപ്പെട്ടിട്ടുണ്ട്.

5. മേൽപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (1) ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം.
2.അഡ്വക്കേറ്റ് ജനറൽ , കേരള , എറണാകുളം (ആമുഖകത്ത് സഹിതം).
3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ ആഡിറ്റ്) കേരള. തിരുവനന്തപുരം/തൃശ്ശൂർ.
4.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , കോഴിക്കോട് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5.സെക്രട്ടറി,നാദാപുരം ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
6.ശ്രീ.മനോജ് കുമാർ ടി എം , സീനിയർ ക്ലർക്ക് , കൊട്ടുവള്ളി മുനിസിപ്പാലിറ്റി (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
7.ഡയറക്ടർ, ഐ കെ എം.
8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
9.കരുതൽ ഫയൽ (ഫയൽ നം.85/ഇപിഎ1/2026-എൽഎസ്ജിഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Reese. V. A
Date: 01-08-2026
11:46:13

സെക്ഷൻ ഓഫീസർ